ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1029

# സൂറ- 33 / അൽ അഹ്സാബ്

## സൂക്തം: 18- 19

വിശ്വാസികളിൽ ചിലർ ജീവിതത്തിന്റെ ചില ഘട്ടങ്ങളിൽ പുറമെ പറയാതെയും ചിലപ്പോൾ പറഞ്ഞും, മതം ഉപേക്ഷിക്കുകയും നിർമത ജീവിതം നയിക്കുകയും ചെയ്യാറുണ്ട്. പിന്നീട് കൂടുതൽ വിവേകവും പക്വതയും ആർജിക്കുമ്പോൾ മതത്തിലേക്ക് മടങ്ങാറുണ്ട്. ഇത്തരക്കാരിൽ സംഭവിച്ചുപോയ അജ്ഞതയെയും അവിവേകത്തെയും അല്ലാഹു ദയാദാക്ഷിണ്യത്തോടെ കാണുമെന്ന് പ്രതീക്ഷിക്കാം.

قَدْ يَعْلَمُ اللَّهُ الْمُعَوِّقِينَ مِنكُمْ وَالْقَائِلِينَ لِإِخْوَانِهِمْ هَلُمَّ إِلَيْنَا ۖ وَلَا
يَأْتُونَ الْبَأْسَ إِلَّا قَلِيلًا ﴿١٨﴾

18. നിങ്ങളുടെ കൂട്ടത്തിൽ പ്രതിരോധ സന്നാഹങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നവരെയും ഞങ്ങളിലേക്ക് വരുവിൻ എന്ന് സ്വന്തക്കാരെ ഉപദേശിക്കുന്നവരെയും തീർച്ചയായും അല്ലാഹു അറിയുന്നുണ്ട്. അത്തരക്കാർ നാമമാത്രമായേ പടയിൽ ഹാജരാകുന്നുള്ളൂ.

أَشِحَّةً عَلَيْكُمْ ۖ فَإِذَا جَاءَ الْخَوْفُ رَأَيْتَهُمْ يَنظُرُونَ إِلَيْكَ تَدُورُ
أَعْيُنُهُمْ كَالَّذِي يُغْشَىٰ عَلَيْهِ مِنَ الْمَوْتِ ۖ فَإِذَا ذَهَبَ الْخَوْفُ
سَلَقُوكُم بِأَلْسِنَةٍ حِدَادٍ أَشِحَّةً عَلَى الْخَيْرِ ۚ أُولَٰئِكَ لَمْ
يُؤْمِنُوا فَأَحْبَطَ اللَّهُ أَعْمَالَهُمْ ۚ وَكَانَ ذَٰلِكَ عَلَى اللَّهِ يَسِيرًا ﴿١٩﴾

19. നിങ്ങളെ പിന്തുണക്കുന്നതിൽ ലുബ്ധരാണവർ. യുദ്ധം വന്നാൽ മരണ വക്ത്രത്തിലകപ്പെട്ടവരെപ്പോലെ അവർ മോഹാലസ്യപ്പെട്ട് കണ്ണുകൾ ചുഴറ്റി നിന്നെ നോക്കുന്നതു കാണാം. യുദ്ധഭീതി അകന്നുപോയാലോ ഇതേ ആളുകൾ ഭൗതികനേട്ടത്തിൽ ആർത്തി പൂണ്ട് മൂർച്ചയേറിയ നാവുകളുമായി നിങ്ങളോട് ഒച്ചവെക്കുകയായി. അവരൊന്നും സത്യവിശ്വാസം ഉൾക്കൊണ്ടിട്ടില്ല. അതിനാൽ അവരുടെ കർമങ്ങൾ അല്ലാഹു നശിപ്പിച്ചിരിക്കുന്നു. ആ നടപടി അല്ലാഹുവിന് എത്രയും എളുപ്പമാകുന്നു.

**18,19**

قَدْ يَعْلَمُ اللَّهُ = തീർച്ചയായും അല്ലാഹു അറിയുന്നു

الْمُعَوِّقِينَ مِنكُمْ = നിങ്ങളുടെ കൂട്ടത്തിൽ (പ്രതിരോധ സന്നാഹങ്ങൾക്ക്) തടസ്സം സൃഷ്ടിക്കുന്നവരെ

وَالْقَائِلِينَ لِإِخْوَانِهِمْ= അവരുടെ സഹോദരന്മാരോടു പറയുന്നവരെയും (സ്വന്തക്കാരെ ഉപദേശിക്കുന്നവരെയും)
هَلُمَّ إِلَيْنَا = (എന്ന്) ഞങ്ങളിലേക്കു വരുവിൻ
وَلَا يَأْتُونَ الْبَأْسَ= (ന്നുള്ളൂ) അവർ (അത്തരക്കാർ) യുദ്ധത്തിൽ, പടയിൽ ഹാജരാകുന്നില്ല
إِلَّا قَلِيلًا = കുറച്ച് അല്ലാതെ (നാമമാത്രമായേ)
أَشِحَّةً عَلَيْكُمْ = നിങ്ങളുടെ മേൽ ലുബ്ധരായിട്ട് (നിങ്ങളെ പിന്തുണക്കുന്നതിൽ ലുബ്ധരാണവർ)
فَإِذَا جَاءَ الْخَوْفُ= ഭയം (യുദ്ധം) വന്നാൽ رَأَيْتَهُمْ = നീ അവരെ കണ്ടു (കാണാം)
يَنظُرُونَ إِلَيْكَ= അവർ നിന്നെ നോക്കുന്നതായി تَدُورُ أَعْيُنُهُمْ = അവരുടെ കണ്ണുകൾ ചുഴറ്റുന്ന (ഴറ്റി)
كَالَّذِي يُغْشَىٰ عَلَيْهِ مِنَ الْمَوْتِ= മരണത്താൽ മൂടപ്പെട്ടവനെപ്പോലെ, ബോധം കെട്ടവനെപ്പോലെ (മരണ-
വക്ത്രത്തിൽ അകപ്പെട്ട മോഹാലസ്യപ്പെട്ടവനെപ്പോലെ)
فَإِذَا ذَهَبَ الْخَوْفُ= ഭയം പോയാൽ (യുദ്ധഭീതി അകന്നുപോയാലോ)
سَلَقُوكُم = അവർ (ഇതേ ആളുകൾ തന്നെ) നിങ്ങളോട് ഒച്ചവെക്കുകയായി
بِأَلْسِنَةٍ حِدَادٍ= മൂർച്ചയേറിയ നാവുകളുമായി
أَشِحَّةً عَلَى الْخَيْرِ = നന്മയിൽ (ഭൗതികനേട്ടത്തിൽ) ആർത്തിപൂ(ണ്ട്)ണ്ടവരായി
أُولَٰئِكَ = അക്കൂട്ടർ (അവരൊന്നും) لَمْ يُؤْمِنُوا = അവർ വിശ്വസിച്ചിട്ടില്ല (സത്യവിശ്വാസം ഉൾക്കൊണ്ടിട്ടില്ല)
فَأَحْبَطَ اللَّهُ أَعْمَالَهُمْ = അതിനാൽ അല്ലാഹു അവരുടെ കർമങ്ങൾ നശിപ്പിച്ചിരിക്കുന്നു
وَكَانَ ذَٰلِكَ = അത് ആയി (ആ നടപടി ആകുന്നു) عَلَى اللَّهِ يَسِيرًا = അല്ലാഹുവിന് (എത്രയും) എളുപ്പമുള്ളത്

عَاقَ (തടസ്സപ്പെടുത്തി, വിലങ്ങടിച്ചു)-യുടെ അർഥത്തിന് ശക്തിപകരുന്ന രൂപമായ عَوَّقَ-യുടെ കർതൃപദമാണ് مُعَوِّق . പ്രതിരോധ പ്രവർത്തനങ്ങളിൽ തടസ്സം സൃഷ്ടിക്കുന്നവരും പിന്നോട്ടടിക്കുന്നവരുമാണ് ഇവിടെ ഈ പദം കൊണ്ട് വിവക്ഷ.

'വരൂ', 'കൊണ്ടുവരൂ' എന്ന അർഥത്തിലുള്ള കൽപന ക്രിയാ വചനമാണ് هلم. ഇതിന് സ്ത്രീലിംഗ-ഏക-ബഹുവചനങ്ങളൊന്നുമില്ല. എന്നാൽ തമീം ഗോത്രം ഈ പദത്തെ هلمّا എന്ന് ദ്വിവചനമായും هلموا എന്ന് ബഹുവചനമായും ഉപയോഗിച്ചുവന്നു. هَلُمَّ إِلَيْنَا- ഞങ്ങളുടെ കൂട്ടത്തിൽ വന്നു ചേരുവിൻ, هلم شهدائكم -നിങ്ങളുടെ സാക്ഷികളെ കൊണ്ടുവരുവിൻ. شُحّ-ൽനിന്നുള്ള കർതൃവചനമായ شحيح -ന്റെ ബഹുവചനമാണ് أَشِحَّةً. ഭാഷാ നിയമത്തിന് അതീതമാണീ രൂപം. ഭാഷാനിയമം (قياس) പ്രകാരമുള്ള ബഹുവചനം أَشِحَّاء എന്നാണ്. شُحّ-ന് ലോഭം, ലുബ്ധ് എന്നും ആർത്തി, ദുര എന്നും അർഥമുണ്ട്. നിങ്ങളെ സേവിക്കുന്നതിലും നിങ്ങൾക്കു വേണ്ടി പ്രയത്നവും വിത്തവും വ്യയം ചെയ്യുന്നതിലും പിശുക്കരായിട്ട് എന്നാണ് أَشِحَّةً عَلَيْكُمْ എന്നതിന്റെ ആശയം. ദ്രവ്യലാഭത്തിൽ അഥവാ യുദ്ധവിജയത്തിലൂടെ ലഭിച്ച മുതലുകളിൽ ദുരമൂത്തവരായിട്ട് എന്നാണ് أَشِحَّةً عَلَى الْخَيْرِ-യുടെ ആശയം.

കയർത്തു സംസാരിക്കലും ഗർജിക്കലുമാണ് سَلْق . അതിൽനിന്നുള്ള ഭൂതകാല ക്രിയാ വചനമാണ് سَلَقَ. മൂർച്ചയേറിയതിനും ഉറപ്പേറിയതിനും ഇരുമ്പിനും حديد എന്നു പറയും. അതിന്റെ ബഹുവചനമാണ് حِدَاد. ഈ പദം നാവുകളുടെ (أَلْسِنَة)ന്റെ വിശേഷണമായി വരുമ്പോൾ കത്രിക പോലെ പെടപെടക്കുന്ന മൂർച്ചയേറിയ നാവുകൾ എന്നും. യഥാർഥത്തിൽ തങ്ങൾ ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ ചെയ്തുവെന്ന് അവകാശപ്പെട്ട് സ്വയം മഹത്വപ്പെടുത്തിയും മറ്റുള്ളവർ ചെയ്തതിനെ നിസ്സങ്കോചം ഇകഴ്ത്തിയും കുത്തിപ്പറഞ്ഞും വായിട്ടലയ്ക്കുകയാണ് ഉദ്ദേശ്യം. അവർ നിങ്ങളെ ആസന്നഭാവിയിൽ കണ്ടുമുട്ടും അഥവാ സ്വാഗതം ചെയ്യും എന്നും ചിലർ سَلَقُوكُم എന്ന വാക്കിന് അർഥം കൽപിച്ചിട്ടുണ്ട്. لَقُوا-അവർ കണ്ടുമുട്ടി എന്ന വാക്കിനു മുമ്പ് ആസന്നഭാവിയെ സൂചിപ്പിക്കുന്ന -س- ചേർന്നതാണെന്ന നിഗമനത്തിലാകാമിത്. പക്ഷേ ഭാവി സൂചകമായ -س- ഭാവികാല ക്രിയയോടു മാത്രമേ ചേരൂ.

നല്ലതിനു വേണ്ടി ചെയ്ത സംഗതികൾ പാഴായിപ്പോവുകയോ ദോഷകരമായി ഭവിക്കുകയോ ആണ് حبوط . അതിൽനിന്നുള്ള ക്രിയയാണ് حَبِطَ-യും أَحْبَطَ-യും. حَبِطَ അകർമകവും أَحْبَطَ സകർമവുമാകുന്നു. മതപരിത്യാഗം മൂലം സൽക്കർമങ്ങൾ പാഴായിപ്പോവുക എന്ന അർഥത്തിലുള്ള സാങ്കേതിക പദമായി കർമശാസ്ത്ര-ദൈവശാസ്ത്ര പണ്ഡിതന്മാർ حبط-ഉം حبوط-ഉം ഉപയോഗിച്ചുവന്നു. ഒരുവൻ മുസ്‌ലിമാവുകയും ഹജ്ജ് പോലുള്ള സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും പിന്നെ മതംപരിത്യജിക്കുകയും കുറേകാലത്തിനു ശേഷം വീണ്ടും ഇസ്‌ലാമിലേക്ക് തിരിച്ചുവരികയും ചെയ്താൽ അയാൾ ആദ്യം മുസ്‌ലിമായിരുന്ന കാലത്ത് ചെയ്ത സൽക്കർമങ്ങളുടെ വിധിയെന്ത്? ഇതിനെയാണ് പണ്ഡിതന്മാർ مسألة الحبوط ആയി ഗണിക്കുന്നത്. ഇമാം മാലികിന്റെയും ഇമാം അബൂഹനീഫയുടെയും വീക്ഷണത്തിൽ മതം പരിത്യജിച്ചപ്പോൾ അതിനു മുമ്പ് അയാൾ ചെയ്ത സൽക്കർമങ്ങളൊക്കെയും നശിച്ചുപോയി. ആദ്യകാലത്ത് ഹജ്ജ് ചെയ്തിട്ടുണ്ടെങ്കിലും ഇസ്‌ലാമിലേക്ക് മട

ങ്ങിയാൽ വീണ്ടും ഹജ്ജ് ചെയ്യേണ്ടത് നിർബന്ധമാകുന്നു. ഈ സൂക്തമാണ് അവരുടെ പ്രമാണം. ഇസ്‌ലാമിലേക്ക് തിരിച്ചുവന്നാൽ മതംപരിത്യജിക്കുന്നതിനു മുമ്പ് ചെയ്ത സൽക്കർമങ്ങളെല്ലാം അയാളിലേക്ക് തിരിച്ചുവരുമെന്നാണ് ഇമാം ശാഫിഈയുടെ വീക്ഷണം. അദ്ദേഹം ആധാരമാക്കുന്നത് സൂറ *അൽബഖറ* 217-ാം സൂക്തമാണ്:

وَمَن يَرْتَدِدْ مِنكُمْ عَن دِينِهِ فَيَمُتْ وَهُوَ كَافِرٌ فَأُولَٰئِكَ حَبِطَتْ أَعْمَالُهُمْ فِي الدُّنْيَا وَالْآخِرَةِ

(നിങ്ങളിൽ വല്ലവരും മതത്തിൽനിന്ന് പിന്മാറുകയും സത്യനിഷേധിയായിക്കൊണ്ട് മരിക്കാനിടയാവുകയും ചെയ്താൽ അവരുടെ കർമങ്ങളൊക്കെയും ഇഹത്തിലും പരത്തിലും പാഴായിപ്പോയതുതന്നെ). *അൽബഖറ*യിലെ ഈ സൂക്തം *അഹ്സാബി*ലെ പ്രകൃത സൂക്തത്തെ സോപാധികമാക്കിയിരിക്കുന്നു. മതപരിത്യാഗിയായ അവസ്ഥയിൽ മരണപ്പെടുക എന്നാണ് ഉപാധി. ഈ ഉപാധി പൂർത്തിയായില്ലെങ്കിൽ കർമനാശത്തിന്റെ വിധി ബാധകമാവുകയില്ല. ഇതാണ് കൂടുതൽ പ്രബലമായ വീക്ഷണം. വിശ്വാസികളിൽ ചിലർ ജീവിതത്തിന്റെ ചില ഘട്ടങ്ങളിൽ പുറമെ പറയാതെയും ചിലപ്പോൾ പറഞ്ഞും, മതം ഉപേക്ഷിക്കുകയും നിർമത ജീവിതം നയിക്കുകയും ചെയ്യാറുണ്ട്. പിന്നീട് കൂടുതൽ വിവേകവും പക്വതയും ആർജിക്കുമ്പോൾ മതത്തിലേക്ക് മടങ്ങാറുണ്ട്. ഇത്തരക്കാരിൽ സംഭവിച്ചുപോയ അജ്ഞതയെയും അവിവേകത്തെയും അല്ലാഹു ദയാദാക്ഷിണ്യത്തോടെ കാണുമെന്ന് പ്രതീക്ഷിക്കാം.

വചനസാരമിതാണ്: മദീനയെ ശത്രുക്കൾ ഉപരോധിച്ചിരിക്കെ, യുദ്ധമുന്നണിയിൽനിന്ന് പിന്മാറുന്നവരെയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നവരെയും അല്ലാഹു നന്നായി അറിയുന്നുണ്ടെന്ന് ഓർത്തിരിക്കുക. സ്വയം പിന്മാറുന്നതിനു പുറമെ അവർ സ്വന്തക്കാരെ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അവർ പറയുന്നു: ഈ പ്രവാചകന്നും അദ്ദേഹത്തെ അന്ധമായി പിൻപറ്റുന്നവർക്കും വേണ്ടി നമ്മുടെ പണവും അധ്വാനവും വിനിയോഗിച്ചിട്ട് ഒരു കാര്യവുമില്ല. എന്തായാലും ഇവർ നാളെ തോൽപിക്കപ്പെടാൻ പോവുകയാണ്. ഈ ഏടാകൂടങ്ങളിലൊന്നും ചെന്നുചാടാതെ ഞങ്ങളോടൊപ്പം വന്ന് ഞങ്ങൾ സ്വീകരിച്ച തന്ത്രപരമായ നിലപാട് സ്വീകരിക്കുക. നമ്മുടെ ശത്രുക്കളുടെ കണ്ണെത്താത്ത എവിടെയെങ്കിലും ചെന്ന് പതുങ്ങിയിരിക്കാം. ഇതൊന്നും സത്യവിശ്വാസികൾ കാണുന്നില്ലെങ്കിലും അല്ലാഹു കണ്ടുകൊണ്ടിരിക്കുകയാണ്. യുദ്ധത്തിൽ ഞങ്ങളും പങ്കെടുക്കുന്നുണ്ട് എന്നു കാണിക്കാൻ വേണ്ടി വല്ലപ്പോഴും മാത്രമേ അവർ സൈനിക നിരയിലെത്തുന്നുള്ളൂ. ആപദ്സാധ്യത കണ്ടാൽ ഉടനെ സ്ഥലംവിടുന്നു. സൈനികരുടെ കാവൽ ആവശ്യമുള്ള അതിർത്തി ഏറെ നീണ്ടുകിടക്കുന്നതിനാൽ ഈ ഭീരുക്കളുടെ സ്ഥലംവിടൽ സ്ഥലംമാറ്റമായേ മറ്റുള്ളവർ കാണുകയുള്ളൂ.

ഈ പ്രതിസന്ധിഘട്ടത്തിൽ ശത്രുക്കളെ നേരിടുന്ന പ്രവാചകന്നും സഖാക്കൾക്കും വേണ്ടി പണവും പ്രയത്നവും ചെലവഴിക്കാൻ ലുബ്ധ് അവരെ അനുവദിക്കുന്നില്ല. നിങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതുകൊണ്ട് ഒരു ലാഭവും കിട്ടുകയില്ല, എല്ലാം നഷ്ടപ്പെടുകയേ ഉള്ളൂ. കൈയിലുള്ളതൊന്നും കൈവിടാതെയും ഒരു തുള്ളി രക്തംപോലും ഒഴുക്കാതെയും പടയാളിയും മുജാഹിദുമായി വിലസാമെന്നാണവരുടെ മനസ്സിലിരിപ്പ്. എന്നാൽ യുദ്ധം യാഥാർഥ്യമാവുകയാണെങ്കിൽ മരണത്തിന്റെ വായിലകപ്പെട്ടവരെപ്പോലെ അവർ മോഹാലസ്യപ്പെടുകയും ഭയവിഭ്രാന്തിയിൽ കണ്ണുകൾ ചുഴറ്റി നിന്നെ നോക്കുകയും ചെയ്യുന്നതു കാണാം. സ്ഥൈര്യത്തിന്റെയോ ധൈര്യത്തിന്റെയോ ആത്മാർപ്പണത്തിന്റെയോ കണികപോലും അപ്പോഴവരിൽ കാണുകയില്ല.

فَإِذَا جَاءَ الْخَوْفُ-വിന് 'ഭയം വന്നാൽ' എന്നും فَإِذَا ذَهَبَ الْخَوْفُ-വിന് 'ഭയം പോയാൽ' എന്നുമാണ് ഭാഷാർഥം. അവർ ഭയപ്പെടുന്ന യുദ്ധം സംഭവിച്ചാൽ എന്നും, യുദ്ധഭീതി അകന്നുപോയാൽ എന്നും ആണിവിടെ ആശയം. ശത്രുക്കൾ തോറ്റോടുകയും പ്രവാചകനും സഖാക്കളും, സുരക്ഷിതരും ശത്രുക്കൾ കൈവിട്ട വിഭവങ്ങളുടെ ഉടമകളാവുകയും ചെയ്താൽ ഈ ഭീരുക്കൾ തന്നെ മഹാധീരന്മാരായി നടിച്ച് മൂർച്ചയേറിയ നാവുകളുമായി യുദ്ധത്തിൽ തങ്ങളുടെ പങ്കാളിത്തവും സേവനവും ഉച്ചത്തിൽ ഘോഷിച്ചുകൊണ്ടിരിക്കുന്നതും കാണാം. യുദ്ധാർജിത മുതലുകളിൽ തങ്ങളുടെ വിഹിതത്തിനു വേണ്ടി അവർ നിങ്ങളോട് തർക്കിക്കുകയും ചെയ്യും. സ്വന്തം സേവനം വലുതാക്കി കാണിക്കാനും മറ്റുള്ളവരുടെ സേവനങ്ങളെ ചെറുതായി കാണിക്കാനും കുത്തിപ്പറയാനും ശ്രമിക്കും. അവർ നാമമാത്രമായേ യുദ്ധമുന്നണിയിൽ ഹാജരായിരുന്നുള്ളൂ. ഇതുതന്നെ യുദ്ധശേഷം സാമ്പത്തിക നേട്ടമുണ്ടാവുകയാണെങ്കിൽ അതിൽ അവകാശം സ്ഥാപിക്കാമെന്ന മോഹം കൊണ്ടാണ്. ദീനിനെ സംരക്ഷിക്കുകയും ശത്രുസൈന്യത്തെ തുരത്തുകയുമൊന്നും അവരുടെ ലക്ഷ്യമായിരുന്നില്ല. രാജ്യം തോൽക്കുകയാണെങ്കിൽ അതിൽനിന്ന് അവർ പ്രതീക്ഷിച്ചിരുന്നതും സാമ്പത്തികനേട്ടമാണ്.

ഇക്കൂട്ടർ സത്യവിശ്വാസികളായിരുന്നില്ല എന്നതാണ് യാഥാർഥ്യം. അവരുടെ ഈമാൻ പ്രകടനാത്മകമായിരുന്നു.

**കർമങ്ങൾ നന്നായാൽ ഉദ്ദേശ്യമെന്തായാലും അല്ലാഹുവിങ്കൽ പ്രതിഫലം ലഭിക്കുമെന്നത് ഒരു വലിയ തെറ്റിദ്ധാരണയാണ്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് ചെയ്യുന്നതല്ലെങ്കിൽ എത്ര വലിയ കർമത്തിനും അവങ്കൽ ഒരു മൂല്യവുമില്ല. അവന്റെ പ്രീതിക്കു വേണ്ടി ചെയ്യുന്നത് എത്ര നിസ്സാരമായ കാര്യമാണെങ്കിലും അവങ്കൽ സാരമുള്ളതും പ്രതിഫലാർഹവുമാകുന്നു. ആരുടെയും ഒരു കർമവും അല്ലാഹുവിനാവശ്യമില്ല. കർമം ആവശ്യമുള്ളത് കർത്താവിനാണ്. അതിന്റെ ഫലവും അയാൾക്കുതന്നെ.**

മനസ്സിനുള്ളിലേക്ക് അതിറങ്ങിയിരുന്നില്ല. അതിനാൽ അവരുടെ കർമങ്ങൾ അല്ലാഹു കപട കർമങ്ങളായി തള്ളിക്കളഞ്ഞിരിക്കുന്നു. അതിന് യാതൊരു പ്രതിഫലവും ലഭിക്കുന്നതല്ല. അല്ലാഹുവിൽ ഈമാൻ ഉറപ്പിച്ചുകൊണ്ട് അനുഷ്ഠിക്കുന്ന കർമങ്ങൾക്കു മാത്രമേ അവൻ പ്രതിഫലമരുളുകയുള്ളൂ. ഈമാനിന്റെ അഭാവത്തിൽ ചെയ്യുന്ന സൽക്കർമങ്ങൾ അല്ലാഹുവിങ്കലേക്കെത്തുമ്പോൾ പാഴ്വേലകളോ ദോഷഫലങ്ങളുളവാക്കുന്നതോ ആയി മാറുന്നു.

ഉദ്ദേശ്യശുദ്ധിയുടെ പ്രാധാന്യമാണ് ഇത് സൂചിപ്പിക്കുന്നത്. കർമങ്ങൾ നന്നായാൽ ഉദ്ദേശ്യമെന്തായാലും അല്ലാഹുവിങ്കൽ പ്രതിഫലം ലഭിക്കുമെന്നത് ഒരു വലിയ തെറ്റിദ്ധാരണയാണ്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് ചെയ്യുന്നതല്ലെങ്കിൽ എത്ര വലിയ കർമത്തിനും അവങ്കൽ ഒരു മൂല്യവുമില്ല. അവന്റെ പ്രീതിക്കു വേണ്ടി ചെയ്യുന്നത് എത്ര നിസ്സാരമായ കാര്യമാണെങ്കിലും അവങ്കൽ സാരമുള്ളതും പ്രതിഫലാർഹവുമാകുന്നു. ആരുടെയും ഒരു കർമവും അല്ലാഹുവിനാവശ്യമില്ല. കർമം ആവശ്യമുള്ളത് കർത്താവിനാണ്. അതിന്റെ ഫലവും അയാൾക്കുതന്നെ. ചെറുതായാലും വലുതായാലും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ചുകൊണ്ട് നിഷ്കളങ്കമായി അവന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് ചെയ്യുന്ന കർമങ്ങൾ സ്വീകരിക്കുക എന്നതാണ് അല്ലാഹുവിന്റെ നിയമം. അവന്റെ പ്രീതി കാംക്ഷിക്കാതെ ചെയ്യുന്ന കർമങ്ങൾ സ്വീകരിക്കേണ്ട ബാധ്യത അവനില്ല. അല്ലാഹു പരമദയാലുവും കരുണാസാഗരവുമാകയാൽ ആര് ഏതു വിധത്തിൽ ചെയ്യുന്ന സൽക്കർമവും അവൻ സ്വീകരിച്ചുകൊള്ളുമെന്നാണ് ചിലരുടെ വിചാരം. അല്ലാഹു പരമദയാലുവും കരുണാവാരിധിയുമാണെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. അതോടൊപ്പം അവൻ സർവ പ്രതാപിയും തന്നിൽതന്നെ എല്ലാം തികഞ്ഞവനും (العزيز والغني)കൂടിയാണ്. ആരോ ആർക്കോ വേണ്ടി ചെയ്ത കർമങ്ങൾ പെറുക്കി സ്വന്തമാക്കേണ്ട കാര്യം അവനില്ല. തനിക്കു വേണ്ടിയല്ലാതെ ചെയ്യപ്പെട്ട കർമങ്ങൾ ആർക്കു വേണ്ടിയാണോ ചെയ്യപ്പെട്ടത് അവർക്കു വേണ്ടിത്തന്നെ വിട്ടുകളയുന്നു. കർമങ്ങൾ എന്ത് ഉദ്ദേശ്യത്തോടെ ചെയ്തു, ഓരോ സൽക്കർമകർത്താവിനും തന്നോടുള്ള ആത്മാർഥതയുടെയും കൂറിന്റെയും ഭയഭക്തിയുടെയും അളവെത്രയാണ്, സ്വീകരിക്കേണ്ട കർമങ്ങളേതൊക്കെ, തള്ളിക്കളയേണ്ട കർമങ്ങളേതൊക്കെ എന്നെല്ലാം വേർതിരിച്ചറിയുകയും ഓരോന്നിനോടും അർഹമായ സമീപനം കൈക്കൊള്ളുകയും ചെയ്യുക അവന് ഒട്ടും പ്രയാസമുള്ള കാര്യമല്ല. ഇതാണ് وَكَانَ ذَٰلِكَ عَلَى اللَّهِ يَسِيرًا എന്ന സൂക്ത സമാപനത്തിന്റെ താൽപര്യം.

അഹ്സാബ് യുദ്ധകാലത്ത് പ്രതിരോധ പ്രവർത്തനങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിച്ച ദുർബല വിശ്വാസികളെയും കപടന്മാരെയും സംബന്ധിച്ചാണ് ഈ സൂക്തങ്ങൾ അവതരിച്ചതെങ്കിലും ഇതിൽ പറയുന്ന തരത്തിലുള്ള വിശ്വാസദൗർബല്യവും കാപട്യവും ഉള്ളവർ മുസ്ലിം സമുദായത്തിൽ എന്നും ഉണ്ടാകാറുണ്ട്. മുഅ്മിനുകളും മുസ്ലിം സമൂഹത്തിലെ അംഗങ്ങളും എന്നവകാശപ്പെടുന്ന എത്രയോ ആളുകൾ ദീനും സമുദായവും നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ഭീഷണികളെക്കുറിച്ചും ആലോചിക്കാൻ പോലും സമയം കാണുന്നില്ല. ദീനീ സേവനാർഥം രൂപംകൊണ്ട കൂട്ടായ്മകളിലൊന്നും അവർക്ക് താൽപര്യവുമില്ല. ചിലർ തങ്ങളുടെ ഭൗതിക താൽപര്യങ്ങൾക്ക് ഗുണകരമാകുന്നിടത്തോളം ദീനീസംരംഭങ്ങളുമായി സഹകരിക്കുന്നു. സാമ്പത്തിക താൽപര്യങ്ങൾക്കോ സ്ഥാനമാനങ്ങൾക്കോ രാഷ്ട്രീയ നേട്ടങ്ങൾക്കോ ഹാനികരമാകുന്നുവെന്നു കണ്ടാൽ പിന്മാറുന്നു. ചില സംരംഭങ്ങളിൽ ആദ്യം വിലങ്ങടിച്ചവർ പിന്നീട് സംരംഭം വിജയിക്കുന്നുവെന്നും അതുവഴി നേട്ടമുണ്ടാക്കാമെന്നും കണ്ടാൽ അതിന്റെ വാഹകരും വക്താക്കളുമായി രംഗം കൈയടക്കുന്നതും കാണാം. ഇത്തരം ആളുകൾക്കൊക്കെ ആത്മപരിശോധനക്ക് പ്രേരകമാകേണ്ടതാണീ സൂക്തങ്ങൾ. ●

മുഅ്മിനുകളും മുസ്ലിം സമൂഹത്തിലെ അംഗങ്ങളും എന്നവകാശപ്പെടുന്ന എത്രയോ ആളുകൾ ദീനും സമുദായവും നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ഭീഷണികളെക്കുറിച്ചും ആലോചിക്കാൻ പോലും സമയം കാണുന്നില്ല. ദീനീ സേവനാർഥം രൂപംകൊണ്ട കൂട്ടായ്മകളിലൊന്നും അവർക്ക് താൽപര്യവുമില്ല. ചിലർ തങ്ങളുടെ ഭൗതിക താൽപര്യങ്ങൾക്ക് ഗുണകരമാകുന്നിടത്തോളം ദീനീസംരംഭങ്ങളുമായി സഹകരിക്കുന്നു. സാമ്പത്തിക താൽപര്യങ്ങൾക്കോ സ്ഥാനമാനങ്ങൾക്കോ രാഷ്ട്രീയ നേട്ടങ്ങൾക്കോ ഹാനികരമാകുന്നുവെന്നു കണ്ടാൽ പിന്മാറുന്നു.